# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാകത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി.10/1441/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി.10/1441/20 തീയ്യതി: 23/07/2022

## കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 24-06-2022 | 25-06-2022 |
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2022 | 30-06-2022 |
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2022 | 02-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-06-2022 | 02-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. രാജേഷ് എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽ കുമാർ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എമിൽ റ്റി. എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രകാശ് ചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി റോസമ്മ മത്തായി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സാബു പി പി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .മുഹമ്മദ് അൻസീം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി രാജ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ. എം കെ സത്യൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. അനി റ്റി പ്രകാശം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. കെ ഓമന | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. ബീനാ എബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി കാർത്തിക ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷാഭായി കെ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിജി വി മൻസിൽ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01-04-2020 | 09-02-2021 |
| ശ്രീമതി ഗേളി മേരി ജോർജ് | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 10-02-2021 | 31-03-2021 |
| ശ്രീ .സുജിത്ത്കുമാർ എസ് വി | വി.ഇ.ഒ, വാകത്താനം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ .തോമസ് തോമസ് | വി.ഇ.ഒ, തോട്ടക്കാട് | 01-04-2020 | 08-08-2020 |
| ശ്രീമതി പ്രസന്നകുമാരി റ്റി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു. വി.ഇ.ഒ, തോട്ടക്കാട് 09.08.2020 മുതൽ 31.03.2021 വരെ വേക്കന്റ്

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 30-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 30-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 30-06-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 30-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 28-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 01-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 02-07-2022)<br>Last Updated By: Maya R (Audit Officer, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 28-06-2022) | 1-10 |
| 11 | മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ILGMS വഴി ക്രമീകരിച്ചില്ല<br>Written By: Emil T Abraham (Senior Grade Auditor, On 02-07-2022)<br>Last Updated By: Maya R (Audit Officer, On 03-07-2022) | 1-11 |
| 12 | കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ അപാകത<br>Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-12 |
| 13 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല, യു.എ രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം<br>Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-13 |
| 14 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല – കുടിശ്ശിക ലക്ഷങ്ങൾ<br>Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-14 |
| 15 | തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല, തനത് വരുമാനം നഷ്ടമാകുന്നു<br>Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-15 |

| | | |
|---|---|---|
| 16 | ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർ പരിശോധനയിൽ ജാഗ്രതക്കുറവ്<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-16 |
| 17 | വാടക - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-17 |
| 18 | ബസ് സ്റ്റാൻഡ് -ടോൾ പിരിവ് കാര്യക്ഷമമല്ല<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-18 |
| 19 | മോട്ടോർ ഫീ ഈടാക്കിയതിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-19 |
| 20 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-20 |
| 21 | കോവിഡ് ചെലവുകൾ അവലോകനം<br>Written By: Ranjith M (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-21 |
| 22 | റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-22 |
| 23 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് തയാറാക്കിയതിൽ പിഴവ് - 227938 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-23 |
| 24 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 100200 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-24 |
| 25 | യാത്രാബത്ത- അർഹമായ കാലയളവിന് ശേഷം അനുവദിച്ചു.<br>Written By: Ranjith M (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-25 |
| 26 | വാട്ടർ ചാർജ് അധിക നിരക്ക് നൽകുന്നു.<br>Written By: Ranjith M (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-26 |
| 27 | വിവിധ നിക്ഷേപപ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Maya R (Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-27 |
| 28 | തെരുവുവിളക്ക് അറ്റകുറ്റപ്പണിയും ഉപകരണങ്ങൾ വാങ്ങലും - വാങ്ങിയ ഉപകരണങ്ങളുടെ വിതരണം -വിനിയോഗം സുതാര്യമല്ല<br>Written By: Maya R (Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-28 |
| 29 | വിവിധ കമ്മറ്റി തീരുമാനങ്ങൾ -തുടർ നടപടി സ്വീകരിക്കണം<br>Written By: Maya R (Audit Officer, On 03-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-29 |
| 30 | ഹരിതകർമ്മസേന യൂസർ ഫീസ് പിരിവ് ഒടുക്ക് പ്രതിഫല വിതരണം എന്നിവയിൽ കൃത്യതയില്ല - വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കണക്കാക്കിയതിൽ അവ്യക്തത | 1-30 |

| | | |
|---|---|---|
| | Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | |
| 31 | വയോജനങ്ങൾക്ക് കട്ടിൽ - അംഗീകാരം ലഭിച്ച അടങ്കൽ തുകയേക്കാൾ അധിക ചെലവ്<br>Written By: Sunil Kumar G (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-31 |
| 32 | തുല്യതാപരീക്ഷയ്ക്ക് പരീക്ഷാഫീസ് അടവാക്കൽ - അപാകങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-32 |
| 33 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-33 |
| 34 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഗുണനിലവാരം പുലർത്തുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-34 |
| 35 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-35 |
| 36 | ബാരൽ വില പഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: Rajesh M (Asst. Audit Officer, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-36 |
| 37 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ വിവിധ നികുതി വിഹിതങ്ങൾ അടവാക്കാതെ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 1-37 |
| | **ഭാഗം 2** | |
| 1 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് തയാറാക്കിയതിൽ പിഴവ് - 227938 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 2-1 |
| 2 | മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ് - 5900 നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 2-2 |
| | **ഭാഗം 3** | |
| 1 | യാത്രാബത്ത- അർഹമായ കാലയളവിന് ശേഷം അനുവദിച്ചു.<br>Written By: Maya R (Audit Officer, On 03-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 27-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 29-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 27-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Emil T Abraham (Senior Grade Auditor, On 27-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20/02/2021 ലെ 2(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 13199253 | 12978526 | 31319948 |
| വരവ് | 166128000 | 166128000 | 111350932 |
| ആകെ | 179327253 | 179106526 | 142670880 |
| ചെലവ് | 171743000 | 171743000 | 127320062 |
| നീക്കിയിരിപ്പ് | 7584253 | 7363526 | 15350818 |

ബജറ്റ് പ്രകാരം 16.61 കോടി രൂപയുടെ പ്രതീക്ഷിത വരവും 17.17 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 15.85 കോടി രൂപയും ചെലവ് 16.94 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 158521316.00 രൂപയും ചെലവ് 169404401.00 രൂപയും വരവിൽ കവിഞ്ഞ ചെലവ് 10883085.00 രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 87874038/- രൂപയും ബാധ്യതകളുടെ മൂല്യം 62052756/- രൂപയും ജനറൽ ഫണ്ട് 25821282/- രൂപയുമാണ്. 2020-21 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

6.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7.വിവിധ അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിനിമയം ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

8. ILGMS ൽ തയ്യാറാക്കിയ ട്രൈയൽ ബാലൻസ് സ്റ്റേറ്റ് മെന്റ് തെറ്റായാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്.
9. ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ്/ചെലവ് കണക്കുകൾ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10. പി ഡി ഇ ചെയ്തതിലെ വ്യത്യാസം മൂലം വാർഷിക കണക്കിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.
11. AIMS ൽ സമർപ്പിച്ച വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല
12. ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെയും AIMS ൽ സമർപ്പിച്ച വാർഷിക കണക്കിലെയും ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള പ്രയർ
പീരീഡ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

വാകത്താനം ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ്വെയർ പ്രകാരമുള്ള അക്കൗണ്ടിംഗ് ആരംഭിച്ചത് 24-9-2020 മുതലാണ്. പ്രാരംഭ നടപടിയായി 31-3-2020 ലെ ബാലൻസ് ഷീറ്റ് ILGMS ന്റെ ഓപ്പണിംഗ് ബാലൻസ് ഷീറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിന്റെ ആസ്തി മൂല്യം 69700081/- രൂപയും പഞ്ചായത്ത് ജനറൽഫണ്ട് ഒഴിച്ചുള്ള ബാധ്യത 33401329/- രൂപയുമാണ്. പഞ്ചായത്ത് ജനറൽ ഫണ്ട് 36298752/- രൂപയാണ്. വിശദമായി പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ലോക്കൽ സാംഖ്യ 6 പ്രകാരമുള്ളതും ILGMS പ്രകാരമുള്ളതും പൊരുത്തപ്പെടുന്നുണ്ട്.

1-4-20 മുതൽ 23-9-2020 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രക എന്നിവ (ആകെ വരവ് /ചെലവ് ) പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കുമ്പോൾ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 23-9-2020 ലെ റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ തുല്യമാകേണ്ടതാണ്. ഇവ പരിശോധിച്ചിൽ വ്യത്യാസം കാണുന്നു.

RECEIPT& PAYMENT

| Item | ILGMS 23-9-2020 | LOCAL SAMKHYA 23-9-2020 |
|---|---|---|
| മുന്നിരിപ്പ് | 31319948.00 | 31319948.00 |
| വരവ് | 48382361.00 | 47813773.00 |
| ആകെ വരവ് | 79702309.00 | 79133721.00 |
| ചെലവ് | 43098957.00 | 42538097.00 |
| നീക്കിയിരിപ്പ് | 36603352.00 | 36595624.00 |

23-09-2020 ലെ കാഷ് നീക്കിയിരിപ്പ് ലോക്കൽ സാംഖ്യ പ്രകാരം 0 ആയിരിക്കെ ILGMS പ്രകാരം ആയത് -7728 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസം ആണ് റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം ഉള്ളത്.

INCOME & EXPENDITURE

| Item | ILGMS 23-9-2020 | LOCAL SAMKHYA 23-9-2020 |
|---|---|---|
| വരവ് | 39897670.00 | 39336798.00 |
| ചെലവ് | 33079897.00 | 32933257.00 |
| Gross Surplus | 6817773.00 | 6403541.00 |

മേൽ പറഞ്ഞ രണ്ട് പത്രികകളിലെയും ഡാറ്റാ എൻട്രിയിലുണ്ടായ വ്യത്യാസം വാർഷികകണക്കിന്റെ തുടർച്ചയേയും കൃത്യതയേയും ബാധിക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31319948 |
| ഓഡിറ്റ് വർഷത്തെ വരവ് | 111350932 |
| ആകെ | 142670880 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 127320062 |
| നീക്കിയിരിപ്പ് | 15350818 |
| വരവിനങ്ങളിലുള്ള നഷ്ടം | 233838 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32160 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1072786 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18311625 | 18311625 | 18301458 | 10167 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5456050 | 5456050 | 5371716 | 84334 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 491069 | 491069 | 416154 | 74915 |
| മെയിന്റനൻസ്, റോഡ് | | 0 | 8703000 | 8703000 | 8520196 | 182804 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5289000 | 5289000 | 3121226 | 2167774 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 0 | 7130000 | 7130000 | 2953652 | 4176348 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 0 | 14787932 | 14787932 | 13703381 | 1084551 |
| MGNREGS | | 156 | 22759863 | 22760019 | 22759802 | 217 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | | 1665579 | 896408 | 2561987 | 806327 | 1755660 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 86280 | 200000 | 286280 | 200000 | 86280 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാപഞ്ചായത്ത് | 102735 | 4536400 | 4639135 | 4536400 | 102735 |
| | ബ്ലോക്ക് പഞ്ചായത്ത് | 00 | 4016069 | 4016069 | 4016069 | 00 |

അങ്കണവാടി ജീവനക്കാർക്ക് അധികവേതനം, ലൈഫ് ഭവനപദ്ധതി തിരിച്ചടവ് തുടങ്ങി വികസനഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസനഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക ഒഴികെയുള്ളതാണ് വരവായി രേഖപ്പെടുത്തുന്നത്.

1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28-1-21 ലെ ഉത്തരവ്

നം.80898/20 /DPC/DPO/KTM പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 24-1-20മുതൽ 4-2-20വരെ |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ | 7-1-20 |
| ഭിന്നശേഷി ഗ്രാമസഭ | 11-2-20 |
| ഊരുകൂട്ട ഗ്രാമസഭ | 7-2-20 |
| വികസനസെമിനാർ | 3-3-20 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 141818297/- രൂപയും ആകെ ചെലവ് 89205855/- രൂപയുമാണ്. ആകെ 279 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ215 എണ്ണം തൻവർഷം നടപ്പാക്കി. . വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 8047360 | 12 | 3122834 |
| വെറ്റിനറി സർജൻ | 02 | 1800000 | 02 | 950000 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 06 | 600000 | 3 | 358235 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 01 | 100000 | 1 | 100000 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01 | 600650 | 1 | 600650 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 03 | 1485000 | 1 | 30888 |
| വി.ഇ.ഒ-1 | 15 | 52436650 | 12 | 31962042 |
| വി.ഇ.ഒ-2 | 04 | 7375000 | 03 | 5712000 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08 | 6830910 | 06 | 6029453 |
| സെക്രട്ടറി | 46 | 16639390 | 34 | 9400917 |
| അസിസ്റ്റന്റ് എൻജിനീയർ | 158 | 38323626 | 122 | 26069019 |
| ഹെഡ് മാസ്റ്റർ എൽ.പി സ്കൂൾ | 01 | 150000 | 01 | 71700 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 03 | 1950061 | 02 | 688768 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 5479650 | 15 | 4109349 |
| ആകെ | 279 | 141818297 | 215 | 89205855 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 77.8ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ

ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. പൊതുവിഭാഗം വികസനഫണ്ട് 99.9% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്.എങ്കിലും മറ്റ് ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം 41.4% മാത്രമാണ്. പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 19 പ്രോജക്ടുകളിൽ 14 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതിരുന്നത് മൂലം ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് . തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 10167 |
| വികസന ഫണ്ട്-എസ്.സി.പി | 84334 |
| വികസന ഫണ്ട്-ടി.എസ്.പി | 74915 |
| മെയിന്റനൻസ്, റോഡ് | 182804 |
| മെയിന്റനൻസ്, നോൺ-റോഡ് | 2167774 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4176348 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 1084551 |
| ആകെ | 7780893 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 77.80ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 77.80ലക്ഷത്തിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020—21 ൽ സാങ്കേതിക അനുമതി ലഭിച്ച 238 പ്രോജക്ടുകളിൽ 218എണ്ണവും തൻവർഷം പൂർത്തിയാക്കി. 2020-21വർഷം 56751 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1024കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കന്നുകാലിക്കൂട് നിർമ്മാണം, മഴക്കുഴി നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം ,തോട് പുനരുദ്ധാരണം എന്നിവയാണ്

2020-21 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 156.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 21820653 | 22759863 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 939210 | |
| ആകെ | | | 22760019 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 16853590 | 14132314 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 819528 | |
| | ഉപകരണങ്ങളുടെ വില, വാടക | 3517140 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1569544 | |
| നീക്കിയിരുപ്പ് | | | 217 |
| ആകെ | | | 22760019 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32040 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 9362900 | 815 |
| വിധവാപെൻഷൻ | 1003800 | 789 |
| വാർദ്ധക്യകാലപെൻഷൻ | 37102200 | 2422 |
| വികലാംഗപെൻഷൻ | 4293300 | 316 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 659700 | 53 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2022 തീയതി 3.15 പി. എം. ന് ജൂനിയർ സൂപ്രണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20223 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും

ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി/നികുതിയേതര കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത്തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ചട്ടത്തിലെ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.21 To 22.04.21 | 2020-21 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.20 -14.02.20 | 2014-15 To 2018-19 | LBA(HQ)11/08 A-131/2019-20 /554DT, 12.03.2020 |

## 1-11 മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ILGMS വഴി ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന മാന്വൽ രസീതിന് തത്തുല്യമായ ഡിജിറ്റൽ രസീത് അതേ രസീത് നമ്പരിൽ തന്നെ ILGMS-ൽ ഉൾപ്പെടുത്തുന്നുണ്ട് . എന്നാൽ പഞ്ചായത്തിൽ ILGMS ആരംഭിച്ച തീയതിയിൽ നിലവിലുണ്ടായിരുന്ന മാന്വൽ രസീതുകൾ മുഴുവനായും ഡിജിറ്റൽ സ്റ്റോക്കായി ഉൾപ്പെടുത്തി മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ILGMS വഴി ക്രമീകരിച്ചിട്ടില്ല.മാന്വൽ രസീതുകൾ മുഴുവനായും ഡിജിറ്റൽ സ്റ്റോക്കായി ഉൾപ്പെടുത്തി മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ILGMS വഴി ക്രമീകരിക്കേണ്ടതാണ് .

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ അപാകത

സഞ്ചയ സോഫ്റ്റ് വെയറിൽ പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി താഴെ പറയുന്ന കെട്ടിടത്തിൽ വളം വിൽപ്പന ശാല പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2020-21 ൽ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച. മീറ്ററിന് 50/- രൂപയ്ക്ക് പകരം (വിസ്തീർണ്ണം - 36 ച.മീറ്റർ) ച.മീറ്ററിന് 15/- രൂപ നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | സെക്രട്ടറി, സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| കെട്ടിട നമ്പർ | III/28 |
| തറവിസ്തീർണ്ണം | 36 ച.മീ. |

| | |
|---|---|
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | വളം വിപണന കേന്ദ്രം, വാകത്താനം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വ്യവസായ ആവശ്യത്തിനുള്ളവ -കൈത്തറി ഷെഡ്, കയറ് പിരി ഷെഡ് എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 15/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 50/ച.മീറ്റർ) |

മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/30.6.2022) ARV അടിസ്ഥാനത്തിലുള്ള പഴയ കെട്ടിടമായതിനാൽ കെട്ടിട നികുതി വർദ്ധനവ് 100% ആയി പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും നികുതി നഷ്ടം ഉണ്ടായിട്ടില്ലായെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ സമയത്ത് കെട്ടിടത്തിന്റെ വിനിയോഗം ശരിയായി രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചു. മറ്റ് കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ ഇത്തരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് പഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ഡേറ്റ പ്യൂരിഫിക്കേഷൻ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-13 അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല, യു.എ രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം

09/02/2021 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ പഞ്ചായത്ത് പ്രദേശത്ത് ധാരാളം അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായും അത്തരം എല്ലാവിധ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി തീയതി സഹിതം 'യു.എ' രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ചുമത്തി അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കാനും സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ ഡേറ്റബേസ് പരിശോധിച്ചതിൽ പഞ്ചായത്തിലെ ആകെ 4 കെട്ടിടങ്ങൾ മാത്രമാണ് യു.എ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യു.എ രജിസ്റ്ററിൽ ഉൾപ്പെടാത്തതും എന്നാൽ വയലേഷൻ ഉള്ളതിനാൽ നാളിതുവരെ നികുതി ചുമത്തുകയും ചെയ്യാത്ത നിരവധി കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ നിലനിൽക്കുന്നതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട് 2019-20 ഖണ്ഡിക 1-14. (ഉദാ. പഞ്ചായത്ത് ഓഫീസിന് സമീപം വാകത്താനം ജംഗ്ഷനിൽ നിർമ്മിച്ചിട്ടുള്ള 3 നിലകളുള്ള വാണിജ്യ കെട്ടിടം) അനധികൃത നിർമ്മാണത്തിന് ബാധകമായ യു.എ നമ്പർ നൽകി ഉയർന്ന നിരക്കിലുള്ള നികുതി ഡിമാന്റ് ചെയ്യുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം നഷ്ടപ്പെടാൻ ഇടയാകുന്നു. അനധികൃത

കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ കാലികമാക്കി രജിസ്റ്ററിലും സഞ്ചയയിലും വിശദാംശങ്ങൾ രേഖപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല – കുടിശ്ശിക ലക്ഷങ്ങൾ

സഞ്ചയ ഡി.സി.ബി പ്രകാരം 2020-21 സാമ്പത്തിക വർഷാന്ത്യം വസ്തു നികുതിയിനത്തിൽ തൻവർഷ കുടിശ്ശിക 8.9 ലക്ഷവും അരിയർ കുടിശ്ശിക 6.96 ലക്ഷവുമുൾപ്പെടെ ആകെ 15.87 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വസ്തു നികുതി കാര്യക്ഷമമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/30.6.2022) കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. കുടിശ്ശിക കാലഹരണപ്പെട്ടു പോകാതെ വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-15 തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല, തനത് വരുമാനം നഷ്ടമാകുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി (അർദ്ധ വർഷം) | സ്ഥാപന തൊഴിൽ നികുതി(അർദ്ധ വർഷം) |
|---|---|---|---|
| 1. | SBI, തോട്ടയ്ക്കാട് | II | II |
| 2 | നാലുന്നാക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | - | II |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക് | II | II |
| 4 | വാകത്താനം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.4246 | - | I & II |
| 5 | അദ്ധ്യാപക അർബൻ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | - | II |
| 6 | മുത്തൂറ്റ് ഫിനാൻസ്, വാകത്താനം | - | I |
| 7 | മുത്തൂറ്റ് മിനി ഫിനാൻസ്, | - | I |

| | | | |
|---|---|---|---|
| | വാകത്താനം | | |
| 8 | കൊശമറ്റം, കണ്ണൻചിറ | I | I |
| 9 | കൊശമറ്റം, വാകത്താനം | I | I |
| 10 | കുളത്തുങ്കൽ ഫിനാൻസിയേഴ്സ്, വാകത്താനം | - | I & II |
| 11 | ബി.ആർ.ഡി സെക്യൂരിറ്റീസ് | II | II |
| 12 | കരപ്പാറ കുറീസ്, വാകത്താനം | I & II | I & II |
| 13 | നെടുംപറമ്പിൽ ഫിനാൻസിയേഴ്സ് | I & II | I & II |
| 14 | NCR ഫിനാൻസിയേഴ്സ് | I & II | I & II |
| 15 | മണയത്തറ ഫിനാൻസ് | I & II | I & II |
| 16 | കെ.എൽ.എം.ആക്സിവ ഗോൾഡ് ലോൺ | I & II | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/30.6.2022) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർ പരിശോധനയിൽ ജാഗ്രതക്കുറവ്

ഗ്രാമപഞ്ചായത്തിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിനു ശേഷം കെട്ടിടനിർമ്മാണം നടത്തുന്നുണ്ടോയെന്നതിന്റെ തുടർ പരിശോധന നടക്കുന്നതായി കാണുന്നില്ല . കഴിഞ്ഞ കാലയളവുകളിൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളുടെ ( ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയത് ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച ഭൂവികസന പെർമിറ്റുകളുടെ എണ്ണം |
|---|---|
| 2020-21 | 39 |
| 2019-20 | 54 |
| 2018-19 | 42 |
| 2017-18 | 10 |
| 2016-17 | 22 |

കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി ഭൂവികസന പെർമിറ്റുകൾ അനുവദിച്ച മേൽ പട്ടികയിലെ പ്ലോട്ടുകളിൽ കെട്ടിടനിർമ്മാണം പൂർത്തിയായതിന്റെ വിശദാംശങ്ങൾ (എണ്ണം) ലഭ്യമാക്കാനും 2020-21 കാലയളവിൽ ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ് നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/29.6.22) കൂടുതലായി മണ്ണെടുത്തിട്ടില്ല എന്ന സാക്ഷ്യപത്രം

നൽകുവാൻ അപേക്ഷകരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുടർ പരിശോധനകൾക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകി.

2020-21 കാലയളവിൽ പഞ്ചായത്ത് ഭൂവികസന പെർമിറ്റ് നൽകിയ സ്ഥലത്ത് LSGD ഓവർസിയറുടെ സാന്നിധ്യത്തിൽ 30/06/2022 ന് നടത്തിയ പരിശോധനയിൽ ഓഡിറ്റ് കണ്ട വിവരം ചുവടെ ചേർക്കുന്നു .

| ഭൂവികസന പെർമിറ്റ് ലഭിച്ച വ്യക്തി , ഫയൽ നം , | ജിയോളജി വകുപ്പിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭിച്ച തീയതി | പഞ്ചായത്തിന്റെ അനുമതി പ്രകാരം നീക്കം ചെയ്യാവുന്ന മണ്ണ് | സ്ഥല പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയത് |
|---|---|---|---|
| അഞ്ജലി ഫിലിപ്പ് , SC.4/139/2021 വാർഡ്- 1 | 19/01/2022 | 1511.42 $M^3$ | 2 മീറ്റർ മണ്ണ് ഖനനം ചെയ്യുന്നതിനാണ് അനുമതി ഉള്ളത് എങ്കിലും പല ഭാഗങ്ങളിലും അതിൽ കൂടുതൽ മണ്ണ് ഖനനം ചെയ്തതായി കാണാൻ കഴിഞ്ഞു . ഒരു ഭാഗത്ത് 5 മീറ്ററോളം ഖനനം നടന്നതായും ബോധ്യമാകുന്നു |
| അരുൺ ഫിലിപ്പ് SC.4/140/2021 വാർഡ്- 1 | 31/12/2021 | 839 $M^3$ | 1.5 മീറ്റർ മണ്ണ് ഖനനംചെയ്യുന്നതിനാണ് അനുമതി ഉള്ളത് എങ്കിലും പല ഭാഗങ്ങളിലും അതിൽ കൂടുതൽ മണ്ണ് ഖനനം ചെയ്തതായി കാണാൻ കഴിഞ്ഞു . |

മേൽ സൂചിപ്പിച്ച സ്ഥലത്ത് എഞ്ചിനീയറിങ്ങ് വിഭാഗം വിശദമായ പരിശോധന നടത്തി അപാകതകൾ ഉണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് . ഓഡിറ്റ് സന്ദർശിച്ച രണ്ട് സ്ഥലങ്ങളിലും കൂടുതൽ മണ്ണ് ഖനനം ചെയ്തതായി കാണാൻ കഴിഞ്ഞതിനാൽ ഈ വിഷയത്തിൽ കൃത്യമായ പരിശോധനകളും തുടർനടപടികളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുമാണ്.

22/06/2017 ലെ ജി.ഒ(പി) 25/2017/ID നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്ത് ഒരു വർഷത്തിനുള്ളിൽ അംഗീകരിച്ച ബിൽഡിംഗ് പ്ലാൻ , ബിൽഡിംഗ് പെർമിറ്റ് പ്രകാരം കെട്ടിടനിർമ്മാണം ആരംഭിച്ച് കുറഞ്ഞത് കെട്ടിടത്തിന്റെ ബേസ്മെന്റ് എങ്കിലും നിർമ്മിച്ച് ആയത് ജില്ലാ ജിയോളജിസ്റ്റിനെ ബോധിപ്പിക്കേണ്ടതും അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്തത് അനധികൃതമായി കണക്കാക്കി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി 5 ഇരട്ടി ഈടാക്കാവുന്നതുമാണ് . മണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി ഇല്ലാത്ത ഭാഗത്ത് നിന്ന് ഖനനം നടത്തിയാലോ കൂടുതൽ അളവിൽ ഖനനം നടത്തിയാലോ 2015 ലെ കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം പിഴ ഈടാക്കാവുന്നതുമാണ് . നിരീക്ഷണ സംവിധാനങ്ങൾ ശക്തം ആക്കിയാൽ മാത്രമെ ഇത്തരം

നിയമ ലംഘനം നടക്കുന്നുണ്ടോയെന്ന് ബോധ്യമാകുകയുള്ളൂ .

ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ് നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും മേൽ പട്ടിക ( ഒന്നാം പട്ടിക) പ്രകാരം കെട്ടിടനിർമ്മാണം നാളിതുവരെ നടത്തിയിട്ടില്ലാത്ത ( നിയമപരമായ സമയപരിധിയ്ക്ക് ശേഷവും ) പ്ലോട്ടുകളിൽ പരിശോധന നടത്തേണ്ടതും നിയമ ലംഘനങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പിനെ അറിയിക്കേണ്ടതുമാണ് . ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഭൂവികസന പെർമിറ്റുകൾ അനുവദിക്കുമ്പോൾ നിലവിൽ 18/09/2021 ലെ സ.ഉ(സാധാ) നം.1795/2021 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ് .

1-17 വാടക - അപാകതകൾ

1. 2020-21 കാലയളവിൽ പ്രവർത്തിച്ച ചുവടെ സൂചിപ്പിക്കുന്ന കട മുറികളുടെ വാടക നാളിതുവരെ ലഭിച്ചിട്ടില്ല . നിലവിലുള്ള കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| കട മുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 13/699 | ലിജു പുന്നൂസ് | 4355 | 21775 | 11/20 മുതൽ 3/21വരെ |
| 13/615 B | സന്ധ്യ സുഭാഷ് | 1113 | 2226 | 2/21 മുതൽ 3/21 വരെ |
| 13/615 C | ബീന ജോസഫ് | 1113 | 2226 | 2/21 മുതൽ 3/21 വരെ |
| ആകെ | | | 26227 | |

2. 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശികയായ 39130 രൂപ ഈടാക്കാൻ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ പ്രസ്തുത കുടിശ്ശിക നാളിതുവരെ ലഭിച്ചിട്ടില്ല

3. DCB പത്രിക തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/30.6.22) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. DCB പത്രിക തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

1-18 ബസ് സ്റ്റാൻഡ് -ടോൾ പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത് ബസ്സ് സ്റ്റാൻറിൽ കയറി ഇറങ്ങുന്ന ബസുകളിൽ നിന്നും 2020-21 ടോൾ പിരിക്കുന്നതിനുള്ള ലേലം 2 പ്രാവശ്യം നടത്തിയെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ആരും ലേലം കൊള്ളാതിരിക്കുകയും ബസ് സർവ്വീസുകൾ വളരെ കുറവായതിനാലും ബസ് സ്റ്റാൻറ് ടോൾ പിരിവ് 2020 ഒക്ടോബർ മാസം വരെ നടത്തിരുന്നില്ല. ആയതിനാൽ ടോൾ പിരിവ് വാകത്താനം ബസ് സ്റ്റാൻറിൽ പ്രവർത്തിക്കുന്ന ഹരിതസഹായ സ്ഥാപനത്തെ ടോൾ പിരിക്കുന്നതിന്റെ 50%മോ, 200 രൂപയോ ഏതാണോ അധികം ആ തുക നൽകി ദിവസവേതനത്തിന് നിയമിക്കുന്നതിന് 04.11.2020 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു . ആയത് പ്രകാരം 2020 നവംബർ 23 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ വിവിധ തീയതികളിലായി ടോൾ പിരിവായി ലഭിച്ച 25970 രൂപ ഹരിതസഹായ സ്ഥാപനം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് . ബസ് സ്റ്റാൻറ് ടോൾ പിരിവ് നടത്തിയതിന് ഹരിതസഹായ സ്ഥാപനത്തിന് വേതനമായി 2020-21 കാലയളവിൽ 18800 രൂപ നൽകിയിട്ടുണ്ട് . കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ രണ്ടാം ശനി , ഞായർ, മറ്റ് അവധിദിവസങ്ങൾ എന്നിവയിൽ പിരിവ് നടത്തുന്നതായി കാണുന്നില്ല . 2019-20 കാലയളവിൽ 49550 രൂപ ലേല നടപടികളിലൂടെ ലഭിച്ചിരുന്നു. . ടോൾ പിരിവ്

കാര്യക്ഷമമായി നടന്നിരുന്നില്ല എന്ന് ബോധ്യമാകുന്നു. ഗ്രാമപഞ്ചായത്തിന് ഈയിനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിലേക്കായി ലേല നടപടികൾ സ്വീകരിക്കുകയോ ടോൾ പിരിവ് കാര്യക്ഷമമാക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ് . ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

.

1-19 മോട്ടോർ ഫീ ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിൽ അപാകത സംഭവിച്ചതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

1. ചുവടെ സൂചിപ്പിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് 5 വർഷത്തേക്ക് ( 01/04/20 മുതൽ 31/03/25 വരെ ) ലൈസൻസ് അനുവദിച്ചിട്ടുണ്ട് . എന്നാൽ ലൈസൻസ് അപേക്ഷകൾ , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും മോട്ടോർ ഫീ ഈടാക്കിയതായി കാണുന്നില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | 5 വർഷത്തേക്ക് ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| ജിജി ജോർജ് - ക്വാളിറ്റി വിനിയോസ് | 75 HP | 5000 | 1000 | 4000 |
| വേണാട് സ്ട്രക്ച്ചറൽസ് | 10 HP | 500 | 100 | 400 |
| ആകെ | | | | 4400 |

2.മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| തോമസ് ജേക്കബ് - നൊച്ചുമണ്ണിൽ റബ്ബർ ഇൻഡസ്ട്രീസ് | 75 HP | 1000 | 500 | 500 |

3.മോട്ടോർ ഫീ ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക |
|---|---|---|
| C M ജോർജ് - പ്രവീൺ | 87 HP | 1000 |

| | റബ്ബർ ഇൻഡസ്ട്രീസ് | | |
|---|---|---|---|

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/30.6.22) നിയമാനുസൃത തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി.ക്രമ നം. 1,2 എന്നിവയിൽ സൂചിപ്പിച്ച കുറവായി ഈടാക്കിയിട്ടുള്ള തുകയായ 4900 രൂപയും ക്രമ നം. 3 ൽ സൂചിപ്പിച്ച പ്രകാരം ഈടാക്കേണ്ട തുകയായ 1000 രൂപയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

1. 2020-21 കാലയളവിൽ 489 സ്ഥാപനങ്ങളുടെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ 333 സ്ഥാപനങ്ങൾ മാത്രമാണ് ഫീസ് ഒടുക്കിയിരിക്കുന്നത് . ബാക്കി സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല .

2 രജിസ്റ്ററിൽ ക്രമ നമ്പർ രേഖപ്പെടുത്താതെയാണ് സ്ഥാപനങ്ങളുടെ പേര് വിവരം രേഖപ്പെടുത്തിയിരിക്കുന്നത് . കൂടാതെ ഫീസ് ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും എഴുതിയിട്ടില്ല

3. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

4. പഞ്ചായത്ത് പരിധിയിൽ വരുന്ന കള്ള് ഷാപ്പുകൾ , ക്ഷീര സംഘങ്ങൾ തുടങ്ങിയവയിൽ നിന്നും 2020-21വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല .

5. DCB പത്രിക തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

6. ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടപ്രകാരം 7 ലെ പട്ടിക II പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് നിർണ്ണയിക്കേണ്ടത് . എന്നാൽ അപേക്ഷകൾ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും മൂലധന നിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല . ഇക്കാരണത്താൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല .

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/30.6.22)കോവിഡ് രൂക്ഷമായതിനാൽ ലൈസൻസ് അപേക്ഷിച്ചവരിൽ പലർക്കും കട തുറക്കാത്തതിനാലാണ് ലൈസൻസ് ഫീസ് അടവാക്കാത്തത് എന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. കൂടാതെ മേൽ സൂചിപ്പിച്ച അപാകതകൾ ( ക്രമ നമ്പർ -3, 5) പരിഹരിക്കേണ്ടതുമാണ് .

## 1-21 കോവിഡ് ചെലവുകൾ അവലോകനം

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ചികിത്സയും ആശ്വാസവും നൽകുന്നതിനായി ബോധവൽക്കരണം, അണുനശീകരണം, മാസ്ക് വിതരണം, ഗ്ലൗസ് വിതരണം, പൊതു സ്ഥലങ്ങളുടെ ശുചീകരണം, ഭക്ഷണവിതരണം, സാമൂഹ്യ അടുക്കള, കണ്ടെയിൻമെന്റ് സോൺ തിരിക്കൽ, തുടങ്ങിയ പ്രവർത്തികൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നടത്തിയിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ നടത്തുന്നതിനായി 1012547 രൂപയോളം ചെലവഴിച്ചതായി കാണുന്നു.

ടി തുകയിൽ 725547 രൂപ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും റീക്കുപ്പ് ചെയ്ത് കിട്ടിയിട്ടുമുണ്ട്.

കോവിഡ് കെയർ സെന്റർ (CCC) വാകത്താനം ഗ്രാമപഞ്ചായത്തിലെ വാർഡ്-1 ൽ തൃക്കോതമംഗലത്ത് പ്രവർത്തിക്കുന്ന തീരം എന്ന സ്ഥാപനത്തിലായിരുന്നു നടത്തിയിരുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമായി നടത്തിയതായി കാണുന്നു. സാനിറ്റൈസേഷൻ, കോവിഡ് രോഗികളുടെ പരിചരണത്തിനായി വിവിധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, കോവിഡ് ബോധവൽക്കരണത്തിന്റെ ഭാഗമായി മൈക്ക് അനൗൺസ് മെന്റ്, വാഹന വാടക, വിവിധ തലത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ, സി.സി.സി യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (വയറിംഗ്, പ്ലമ്പിംഗ്) എന്നിങ്ങനെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളും ചെലവുകളുമായിരുന്നു കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വാകത്താനം ഗ്രാമപഞ്ചായത്ത് നടത്തിയത്.

## 1-22 റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു

2020-21 വർഷം റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയപ്പോൾ ജി.എസ്.ടി. ഉൾപ്പടെയുള്ള തുക റീസ്റ്റോറേഷൻ ചാർജ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയത് | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡ് | വാകത്താനം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റോഡിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിനുള്ള റോഡ് കട്ടിങ്ങ് | 933922 |

PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരമാണ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക നിശ്ചയിച്ച് നൽകിയത്. പ്രസ്തുത സർക്കുലർ പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കോസ്റ്റ് ഇൻഡെക്സ്, സെന്റേജ്, GST ഉൾപ്പടെയുള്ള തുകയാണ്. റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജിന് 12% GST ചുമത്തി 03/07/2019 ലെ G.O.(Rt) No.1366/2019/LSGD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 833859 രൂപ റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജും 100063 രൂപ GST യുമായി അക്കൗണ്ട് ചെയ്യേണ്ടിയിരുന്നതിന് പകരം 933922 രൂപയും 140500209 (റീസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിങ്ങ്) ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.03-തീയതി-28.06.2022) നൽകിയതിന് റീസ്റ്റോറേഷൻ ചെയ്യുന്ന സമയം കരാറുകാർ GST അടയ്ക്കേണ്ടതും ആകയാൽ നിലവിൽ GST അടയ്ക്കേണ്ടതായി കാണുന്നില്ല എന്നും നിലവിൽ റോഡ് ഗതാഗത യോഗ്യമാണെന്നും അറിയിച്ചു . റോഡ് ഗതാഗത യോഗ്യം എന്ന് അറിയിച്ചതിനാലും നാളിതുവരേയും റീസ്റ്റോറേഷൻ നടത്തേണ്ട സാഹചര്യം ഉണ്ടാകാത്തതിനാലും റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത ജി.എസ്.ടി. തുകയായ 100063 രൂപ ബാധ്യത ശീർഷകങ്ങളിലേക്ക് (SGST,CGST) അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയശേഷം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-23 റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് തയാറാക്കിയതിൽ പിഴവ് - 227938 രൂപ നഷ്ടം

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിന്റെ 04-10-18 ലെ കത്തിലെ ( RJIL/OFC/ROW/NLD /8B/VAKATHANAM/PAN/7661) അപേക്ഷയനുസരിച്ച് പഞ്ചായത്ത് ഓഫീസ്- ഉദിക്കൽ റോഡ് -തട്ടിൻപുറത്ത്കുന്ന് റോഡിന്റെ വലത് വശത്ത് കൂടി 315 മീറ്റർ നീളം , 1.65 മീറ്റർ ആഴത്തിലും 0.50 മീറ്റർ വീതിയിലും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി തേടിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം.

സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക 933922 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട് ( 306953/15.10.20 നം DD പ്രകാരം തുക ലഭിച്ചു ). എന്നാൽ തുക നിശ്ചയിച്ചതിൽ അപാകത സംഭവിച്ചതായി കാണുന്നു . അതായത് മേൽ സർക്കുലറിൽ റസ്റ്റോറേഷൻ വിഡ്ത് ട്രഞ്ച് വിഡ്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റസ്റ്റോറേഷൻ വിഡ്ത് 0.75 മീറ്റർ (0.50 X1.5)എടുക്കുന്നതിന് പകരം 0.60 മീറ്റർ മാത്രമാണ് എടുത്തിരിക്കുന്നത് . വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയാറാക്കിയ എസ്റ്റിമേറ്റ് തുക | | PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം തയാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് തുക | | വ്യതാസം |
|---|---|---|---|---|---|
| | വിവരണം | തുക | വിവരണം | തുക | |
| Restortion Charge For CC Pavement | 275 X 0.60 = 165 M$^2$ | 165 @5473.44 /M$^2$= 903117.6 | 275 X 0.75 = 206.25 M$^2$ | 206.25 @5473.44 /M$^2$= 1128897 | 225779 |
| Extra For HDD Pits At 100 M Interval | 3 X 1.5 X0.90 =4.050 M$^2$ | 4.050 @5473.44 /M$^2$=22167.43 | 3 X 1.5 X.90 =4.050 M$^2$ | 4.050 @5473.44 /M$^2$=22167.43 | 0 |
| Restortion Charge For Gravel Bearm | 40 X 0.60 = 24 M$^2$ | 24 @359.85 /M$^2$= 8636.4 | 40 X 0.75 = 30 M$^2$ | 30 @359.85 /M$^2$= 10795.5 | 2159 |
| ആകെ | 933922 | | 1161860 | | 227938 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/30.6.22) വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാം എന്ന് മറുപടി നൽകി. കുറവു വന്ന 227938 രൂപ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-24 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 100200 രൂപ തിരികെ ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ വാകത്താനം ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള

മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ട് പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ദാമോദരൻ വി കെ | വാർദ്ധക്യകാല പെൻഷൻ | 105600201545 | 08/06/21 | 07/2021 മുതൽ 05/22 വരെ | 17600 |
| 2 | സ്കറിയ കുര്യാക്കോസ് | വാർദ്ധക്യകാല പെൻഷൻ | 105600200744 | 23/08/21 | 09/2021 മുതൽ 05/22 വരെ | 14400 |
| 3 | കെ.പി ജോസഫ് (പത്രോസ് ഔസേപ്പ് ) | കർഷക തൊഴിലാളി പെൻഷൻ | 105600100308 | 04/12/20 | 01/2021 മുതൽ 05/22 വരെ | 26900 |
| 4 | ഏലിയാമ്മ പുന്നൂസ് | വാർദ്ധക്യകാല പെൻഷൻ | 105600200948 | 14/12/20 | 01/2021 മുതൽ 06/21 വരെ | 9300 |
| 5 | അച്ചൻകുഞ്ഞ് പി ജെ | കർഷക തൊഴിലാളി പെൻഷൻ | 105600101394 | 05/03/21 | 09/2021 മുതൽ 05/22 വരെ | 14400 |
| 6 | പെണ്ണമ്മ ശങ്കരൻ | വാർദ്ധക്യകാല പെൻഷൻ | 105600200484 | 21/04/21 | 05/2021 മുതൽ 10/21 വരെ | 9600 |
| 7 | ഐസക് | വാർദ്ധക്യകാല പെൻഷൻ | 105600200745 | 27/04/21 | 05/2021 മുതൽ 09/21 വരെ | 8000 |
| ആകെ | | | | | | 100200 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 05/2022 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക്

പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ വാകത്താനം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 01 ,തീയതി-27/06/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 100200/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

1-25 യാത്രാബത്ത- അർഹമായ കാലയളവിന് ശേഷം അനുവദിച്ചു.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി 2) പ്രകാരം യാത്രാ ബത്തകൾ അർഹമായ തീയതി മുതൽ 2 വർഷത്തിനകം മാറിയിരിക്കണം എന്നും രണ്ട് വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മാത്രമേ മാറാനാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൗച്ചർ നം 22000417/19.08.2020 പ്രകാരം ചില ജീവനക്കാരുടെ 2 വർഷത്തിലധികമായ കാലയളവിലെ യാത്രാ ബത്തകൾ മാറി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാർ | മാർച്ച് 2018 | ഏപ്രിൽ/2018 | മെയ്/2018 | ജൂൺ /2918 | ജൂലൈ /2018 | ആകെ |
|---|---|---|---|---|---|---|
| തോമസ് സെബാസ്റ്റ്യൻ അസി.സെക്രട്ടറി | 1120 | 960 | 480 | 480 | 1120 | 4160 |
| ജയശ്രീ എസ് ജെ.എസ് | 320 | 800 | | 480 | | 1600 |
| വിനോദ്.കെ ജെ.എസ് | | | | | 320 | 320 |
| ഷാജിമോൻ മാത്യൂ അക്കൗണ്ടന്റ് | 640 | 1600 | | 320 | 640 | 3200 |
| മണിക്കുട്ടൻ.ഡി സീനിയർ ക്ലർക്ക് | | 500 | | | 125 | 625 |
| ആശ കമാൽ സീനിയർക്ലർക്ക് | | | | 250 | | 250 |
| കൃഷ്ണകുമാർ.സി ക്ലർക്ക് | 250 | 1000 | 250 | 1125 | 1200 | 3825 |
| കെ.എസ്.ഫിലിപ് ക്ലർക്ക് | 250 | | 500 | 250 | | 1000 |

| | | | | | | |
|---|---|---|---|---|---|---|
| മഞ്ജുഷ മോഹൻ ക്ലർക്ക് | | 250 | 250 | | 500 | 1000 |
| അക്സ മരിയ ബഞ്ചമിൻ ക്ലർക്ക് | | | | | 1500 | 1500 |
| ഫാത്തിമ.എസ് ക്ലർക്ക് | | | | 250 | 125 | 375 |
| ഷെറി ദാസ് .വി. ഒ.എ | 1000 | 875634px | | 375 | 625 | 2875 |
| ബിനു .പി.എം ഒ.എ | 1875 | 1380 | 1380 | 1380 | 1380 | 6900 |
| ബീമ .എം സെക്രട്ടറി | 800 | 1120 | 800 | 640 | | 3360 |
| ബിനോയി .എം.ജി സെക്രട്ടറി | | | | 160 | 1010 | 1170 |
| ആകെ | | | | | | 32160 |

സർക്കാർ സാധൂകരണം ഇല്ലതെ അർഹമായ കാലയളവിന് ശേഷം മാറിയതിനാൽ യാത്രാബത്ത ഇനത്തിൽ അനുവദിച്ച് 32160 രൂപ അനുവദിക്കാവുന്നതല്ല.ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 32160 രൂപ നിരാകരിക്കുന്നു.

## 1-26 വാട്ടർ ചാർജ് അധിക നിരക്ക് നൽകുന്നു.

വാകത്താനം ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തിയ പൊതു ടാപ്പുകളുടെ പരിശോധന റിപ്പോർട്ട് പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിൽ 72 ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 06.06.2020 ലെ 11(1) നമ്പർ തീരുമാന പ്രകാരം സംയുക്ത പരിശോധന റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതാണ്.എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 131 പൊതു ടാപ്പുകൾക്കായി 57313 രൂപ വീതം വാട്ടർ ചാർജിനത്തിൽ അടവാക്കുന്നുണ്ട്. 72 ടാപ്പുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ടെങ്കിലും തുടർന്നും കൂടുതൽ ടാപ്പുകൾക്ക് വാട്ടർ ചാർജ് , വാട്ടർ അതോറ്റി നൽകുന്ന ബില്ലുകൾ പ്രകാരം അടവാക്കി വരുകയാണ് ചെയ്യുന്നത്.59 -തോളം പ്രവർത്തിക്കാത്ത പൊതു ടാപ്പുകൾക്ക് വാട്ടർ ചാർജ് ഇനത്തിൽ അടവാക്കുന്നതുമൂലം ഭീമമായ തുകയാണ് (25812/-രൂപ പ്രതിമാസം) പഞ്ചായത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. നാളിതുവരെയും വെള്ളക്കരം കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്തിന് തന്മൂലം വലിയ തോതിൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിക്കൊണ്ടിരിക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/29.06.22)ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി നടന്ന മീറ്റിംഗിൽ പഞ്ചായത്തുകളിൽ നിന്നും അധികമായി കൈപ്പറ്റിയിട്ടുള്ള തുക ജലജീവൻ മിഷൻ പദ്ധതിക്കുവേണ്ടി നൽകുന്ന തുകയിൽ അഡ്ജസ്റ്റ് ചെയ്യുമെന്ന് അറിയിച്ചിട്ടുള്ളതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സംയുക്ത പരിശോധനയ്ക്ക് ശേഷം പഞ്ചായത്ത് പരിധിയിലുള്ള 59 -തോളം പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് നൽകിയ അധിക വാട്ടർ ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-27 വിവിധ നിക്ഷേപപ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകൾക്കായി വിവിധഏജൻസികൾ/സ്ഥാപനങ്ങൾക്ക് തുക നിക്ഷേപിച്ചിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നില്ല.

| ക്രമനം | പ്രൊജക്റ്റ്നം &പേര് | നിക്ഷേപിച്ച തുക | തുക നൽകിയ/ നിക്ഷേപിച്ച ഏജൻസി | പരാമർശം |
|---|---|---|---|---|
| 1. | Proj No 118/21 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 44212/- | KSEB, വാകത്താനം | പ്രവൃത്തി പൂർത്തീകരിച്ചതായി മെമ്പർമാർ അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം , മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 2. | Proj No 124/21 ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 100000/-വികസനഫണ്ട് ( Bill No 48/27-3-21) | സെക്രട്ടറി , ജില്ലാപഞ്ചായത്ത് | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | Proj No 352/21 മാലക്കുന്ന് സാംസ്കാരിക നിലയം -കുഴൽക്കിണർ അനുബന്ധപ്രവർത്തനങ്ങൾ | 53000/-(SCP Bill No 25/13-11-20)<br>23506/- ( CFC Bill No 24/13-11-20) | GWD, Kottayam | പ്രവർത്തി പൂർത്തീകരിച്ചതായി മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം , മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 4 | Proj No 253/21 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 500000/- (Bill No 3/18-5-20) | GWD, Kottayam | വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 5 | Proj No 197/21 വൈദ്യുതിപോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 115638-(CFC)<br>( Bill No 5/15-5-20) | KSEB, വാകത്താനം | പ്രവൃത്തി പൂർത്തീകരിച്ചതായി മെമ്പർമാർ അറിയിച്ചിട്ടുണ്ട്. കരാർ, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| | ആകെ | 836356 | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ വിവിധ പ്രൊജക്ടുകൾക്കായി ആകെ നിക്ഷേപിച്ച തുകയായ 836356/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ക്രമനം 4 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം എന്ന പ്രൊജക്റ്റ് പ്രകാരം കോട്ടയം ഭൂജലവകുപ്പിൽ ഗ്രാമപഞ്ചായത്ത് 5,00,000/-രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ 17-7-20 ലെ എസ്റ്റിമേറ്റ് പ്രകാരം തുക 3,06,000/-മാത്രമാണ് . അധികം തുക അടയ്ക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12) മറുപടിയായി ആദ്യ എസ്റ്റിമേറ്റ് അനുസരിച്ചാണ് തുക അടച്ചതെന്നും ആയതിന് ശേഷം വീണ്ടും എസ്റ്റിമേറ്റ് എടുത്ത് നൽകിയതിൽ 3,06,000/-മാത്രമാണ് ഉള്ളത് എന്നും അറിയിച്ചിരുന്നു. വീണ്ടും എസ്റ്റിമേറ്റ് എടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. രണ്ടാമത്

തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 194000/-രൂപ അധികം അടച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-28 തെരുവുവിളക്ക് അറ്റകുറ്റപ്പണിയും ഉപകരണങ്ങൾ വാങ്ങലും - വാങ്ങിയ ഉപകരണങ്ങളുടെ വിതരണം -വിനിയോഗം സുതാര്യമല്ല

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ചുവടെ ചേർക്കുന്ന പ്രകാരം പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു.

| | |
|---|---|
| പ്രൊ നം 123/21 തെരുവുവിളക്ക് അറ്റകുറ്റപ്പണിയും ഉപകരണങ്ങൾ വാങ്ങലും | ചെലവ്- 466475/-(CFC) ( Bill No 35/27-2-21, 44/24-3-21) |
| പ്രൊ നം100/21തെരുവുവിളക്ക് മെയിന്റനൻസ് | 167800(തനത് ഫണ്ട്) |

തെരുവുവിളക്ക് അറ്റകുറ്റപ്പണിയും ഉപകരണങ്ങൾ വാങ്ങലുംപ്രൊജക്റ്റിന്റെ ഭാഗമായി 4000 എം 9W LED ബൾബുകളും അനുബന്ധസാമഗ്രികളും ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങിയ ഉപകരണങ്ങൾ20 വാർഡുകളിലെ മെമ്പർമാർക്കും തുല്യമായി വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഓരോ വാർഡിലേയും പരാതി രജിസ്റ്റർ പ്രകാരം ആവശ്യമായ ഉപകരണങ്ങൾ മെമ്പർമാർക്ക് വിതരണം ചെയ്യേണ്ടതിന് പകരം മുഴുവൻ ഉപകരണങ്ങളും തുല്യമായി വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഇത് ക്രമപ്രകാരമല്ല.

2. തെരുവുവിളക്കുകൾ റിപ്പയറിങ്ങിനായി KSEBയുടെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ലൈസൻസി KSEBയുടെ മുൻകൂർ അനുമതി വാങ്ങിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിരുന്നില്ല.

2. വിവിധ വാർഡുകളിലേയ്ക്കാവശ്യമായ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതെങ്ങനെയെന്ന് വ്യക്തമല്ല.

3. വാർഡ് അടിസ്ഥാനത്തിൽ ഉപകരണങ്ങൾ മെമ്പർമാർക്ക് വിതരണം ചെയ്യുന്ന രജിസ്റ്റർ സൂക്ഷിച്ചിരുന്നു. എന്നാൽ റിപ്പയറിങ്ങ് നടത്തിയ വിവരം പോസ്റ്റ് നം സഹിതം രേഖപ്പെടുത്തുന്ന രജിസ്റ്റർ , മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കിയിരുന്നില്ല.

4. പ്രൊ.നം 100/21 പ്രകാരം 1678 പോസ്റ്റുകളിൽ റിപ്പയറിങ്ങ് നടത്തിയതിന് വിനോദ്. റ്റി.കെ, തടത്തിൽ എന്നയാൾക്ക് പോസ്റ്റ് ഒന്നിന് 100രൂപ നിരക്കിൽ 167800രൂപ നൽകിയിരുന്നു. 1678 പോസ്റ്റുകളിൽ മാത്രമാണ് ടിയാൾ റിപ്പയറിങ്ങ് നടത്തിയത്. 4000ത്തോളം ബൾബുകൾ വാങ്ങിയതിൽ എത്രയെണ്ണം ഉപയോഗിച്ചുവെന്നും ബാലൻസ് എത്രയെന്നും ആരുടെ കൈവശമെന്നതുമുള്ള രേഖകൾ ഫയലിലില്ല.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും തെരുവുവിളക്കുകളുടെ വാങ്ങലും വിതരണവും സുതാര്യവും ആവശ്യകതയ്ക്കനുസരിച്ചുമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17-8-15ലെ ജി2-4474/15 പൊതുമാർഗ്ഗരേഖയിലെ പൊതുനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-29 വിവിധ കമ്മറ്റി തീരുമാനങ്ങൾ -തുടർ നടപടി സ്വീകരിക്കണം

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കമ്മറ്റിയോഗങ്ങളിൽ എടുത്ത ചുവടെ പറയുന്ന തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം22)മറുപടിയായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കമ്മറ്റി തീരുമാനം നം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1/2 Dt 18-6-20 | സൻസദ് ആദർശ് ഗ്രാമയോജനപദ്ധതി ഫേസ് IVൽ തെരഞ്ഞെടുത്ത വാകത്താനം ഗ്രാമപഞ്ചായത്തിലെ സാഗി പ്രവർത്തനങ്ങൾക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി അനുവദിച്ച തുക നിക്ഷേപിക്കുന്നതിന് സെക്രട്ടറിയുടെ പേരിൽ പുതിയ അക്കൗണ്ട് തുടങ്ങുന്നതിന് തീരുമാനം | കേരളഗ്രാമീൺബാങ്ക് വാകത്താനം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിലും യാതൊരു തുകയും ടി അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. |
| 2 | 1(1) Dt 17-2-21 | ജലജീവൻമിഷൻ-വാട്ടർടാങ്ക് പണിയുന്നതിന് ശ്രീ സ്കറിയ തോമസ്, ഒഴക്കാലായിൽ , പരിയാരം പി ഒ എന്നയാൾ 9.20 ആർ വസ്തു വിട്ടുനൽകുവാൻ സമ്മതപത്രം നൽകിയിരുന്നു. സ്ഥലത്തിന്റെ വില നിശ്ചയിച്ച് നൽകുന്നതിന് കളക്ടറോട് അഭ്യർത്ഥിച്ച് തീരുമാനം | ടിസ്ഥലത്തിന് സർക്കാരിൽ നിന്നും ലഭിച്ച വാല്യുവേഷൻ തുകയ്ക്ക് സ്ഥലഉടമ സ്ഥലം വിട്ടുതരാൻ തയ്യാറല്ലായെന്ന് അറിയിച്ചതായും ബാക്കിനൽകാനുള്ള തുക സർവ്വകക്ഷിയോഗം വിളിച്ച് വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് സ്ഥലം വാങ്ങി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു |
| 3 | 6(1) Dt 2-3-21 | ടാക്സി സ്റ്റാൻഡ് -WP(C) No6312/2014 കോടതി ഉത്തരവിലെ പരാമർശം ഒഴിവാക്കി ലഭിക്കുന്നതിന്-നിലവിലുള്ള ടാക്സി | അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി കേസിലെ വിധിതുകയുടെ 50%തുകയായ |

| | | | |
|---|---|---|---|
| | | സ്റ്റാൻഡിന് മതിയായ സ്ഥലം നൽകി കെട്ടിടം പണിയുന്നതിന് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം | 5262995/-രൂപ കോടതിയിൽ 2021-22വർഷം കെട്ടി വച്ചിരുന്നു. നിലവിൽ കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ് എന്നും അറിയിച്ചിട്ടുണ്ട്. |

ക്രമനം 1പ്രകാരമുള്ള വിഷയത്തിൽ ബന്ധപ്പെട്ട പ്രൊജക്റ്റ് ഓഫീസറുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് പദ്ധതികൾ ലഭിക്കുവാനുള്ള സാദ്ധ്യത തേടേണ്ടതാണ്. ക്രമനം 2പ്രകാരമുള്ള വിഷയത്തിൽ അടിയന്തിരമായി സ്ഥലം വാങ്ങൽ നടത്തി വാട്ടർഅതോറിറ്റിയ്ക്ക് കൈമാറാത്തപക്ഷം ഗ്രാമപഞ്ചായത്തിന് ജലജീവൻമിഷൻ പദ്ധതി നഷ്ടമാകുന്ന സാഹചര്യമാണ് ഉള്ളത് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമനം3പ്രകാരമുള്ള വിഷയത്തിൽ ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-30 ഹരിതകർമ്മസേന യൂസർ ഫീസ് പിരിവ് ഒടുക്ക് പ്രതിഫല വിതരണം എന്നിവയിൽ കൃത്യതയില്ല - വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കണക്കാക്കിയതിൽ അവ്യക്തത

യൂസർ ഫീസ് സംവിധാനം ഫലപ്രദമാകുന്നതുവരെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ചെറിയതോതിൽ പ്രതിഫലം നൽകാൻ വിഭാവനം ചെയ്യപ്പെട്ടതാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സംവിധാനം. എന്നാൽ വാകത്താനം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ യൂസർ ഫീസ് പിരിവ്, ഒടുക്ക് പ്രതിഫല വിതരണം എന്നിവയിൽ അപാകങ്ങൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നതായോ പിരിവിനുപയോഗിച്ച രസീത് ബുക്കുകൾ തിരികെ പഞ്ചായത്തിൽ കൃത്യമായി ഏൽപ്പിക്കുന്നതായോ രേഖയില്ല. വിവിധ വാർഡുകളിലെ യൂസർ ഫീ കളക്ഷൻ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ഹരിതകർമ്മസേനാംഗങ്ങൾ പിരിയ്ക്കുന്ന യൂസർ ഫീ, കണസോർഷ്യം അക്കൗണ്ടിൽ നേരിട്ട് അടവാക്കി 10% ടി അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക പ്രതിഫലം നൽകുന്നതിനായി ഉപയോഗിക്കുന്നതിന് പകരം ലഭിച്ച യൂസർ ഫീ ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രതിഫലാവശ്യത്തിനായി എടുത്തതിന് ശേഷം ബാക്കി തുക അക്കൗണ്ടിൽ ഒടുക്കുവരുത്തുന്ന രീതിയാണ് തുടർന്നു വന്നത്. ഇത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഈ സാഹചര്യത്തിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കണക്കാക്കിയതിൽ വ്യക്തതയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ബിൽ നം/തീയതി | ഫണ്ടിനം | തുക |
|---|---|---|---|
| 275/20-21 | 19/17.8.2020 (തുക-147690) 45/30.3.2021 (തുക-84302) | വികസനഫണ്ട് ജനറൽ | 231992/- |
| 222/20-21 (സ്പിൽ ഓവർ) | 1/22.4.2020 (തുക-161900) 18/17.8.2020 | വികസനഫണ്ട് ജനറൽ | 352470/- |

| | | |
|---|---|---|
| | (തുക-190570) | |
| ആകെ | | 584462/- |

അപാകത അടിയന്തിരമായി പരിഹരിക്കാൻ വിവിധ വാർഡുകളിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. യൂസർ ഫീസ് പിരിവ്, യഥാസമയം കൺസോർഷ്യം അക്കൗണ്ടിൽ അടവാക്കി 10% കോർപ്പസ് ഫണ്ട് നിലനിർത്തി ടി അക്കൗണ്ടിൽ നിന്നും വേതനം വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-31 വയോജനങ്ങൾക്ക് കട്ടിൽ - അംഗീകാരം ലഭിച്ച അടങ്കൽ തുകയേക്കാൾ അധിക ചെലവ്

പ്രോജ. നം.94/21

അടങ്കൽ - 900000/- (വി.ഫ)

ചെലവ് - 1096069/- (വി.ഫ - 900000,തനത് ഫണ്ട് -100000, ബ്ലോക്ക് - 96069)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ 'വയോജനങ്ങൾക്ക് കട്ടിൽ' പ്രോജക്ടിന് നം.80898/20/DPC/DPO/KTM തീ.28.01.2021 പ്രകാരം വികസന ഫണ്ടിൽ നിന്നുള്ള 9 ലക്ഷം രൂപ ചെലവഴിക്കാൻ മാത്രമാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. പഞ്ചായത്ത് ലഭ്യമാക്കിയ പ്രോജക്ട് അംഗീകാരം സംബന്ധിച്ച അന്തിമ പത്രികയിലും 9 ലക്ഷം രൂപയ്ക്കാണ് ഡി.പി.സി. അംഗീകാരം ലഭിച്ചത്. എന്നാൽ 1096069/- രൂപയുടെ ചെലവ് രേഖകൾ നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കുകയുണ്ടായി. ഡി.പി.സി അംഗീകാരം ലഭിച്ച അടങ്കൽ തുകയേക്കാൾ അധികമായി തുക ചെലവഴിച്ചതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/30.6.2022) ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. മതിയായ തുകയ്ക്കുള്ള ഡി.പി.സി അംഗീകാരം ലഭിക്കാതെ നിർവഹണ ഉദ്യോഗസ്ഥയുടെ റിക്വസിഷൻ പ്രകാരം അധിക തുക അനുവദിച്ച സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാകുന്നത് വരെ അധികമായി ചെലവഴിച്ച 196069/- രൂപയുടെ ചെലവ് സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

1-32 തുല്യതാപരീക്ഷയ്ക്ക് പരീക്ഷാഫീസ് അടവാക്കൽ - അപാകങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പദ്ധതി, നം | ഹയർസെക്കൻണ്ടറി തുല്യത കോഴ്സിന് പരീക്ഷ ഫീസടയ്ക്കൽ- 188/2021 |
| അടങ്കൽ തുക | 150000/-(തനത് ഫണ്ട്) |
| ചെലവ് തുക | 71700 ( ചെക്ക് നം - 3530134/20.03.21 ) |

കേരള സംസ്ഥാന സാക്ഷരത അതോറിറ്റി നടത്തുന്ന ഹയർസെക്കൻണ്ടറി തുല്യത കോഴ്സിന് അറ്റൻഡ് ചെയ്തവർക്ക് (40 പേർ ) പരീക്ഷ ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ - 02880100113107 ) 71700 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് അറ്റൻഡ് ചെയ്തതിന്റെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉണ്ടായിരുന്നത് . പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ ലഭ്യമല്ല

2) പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല. (പഠിതാക്കൾ ഫുൾ കോഴ്സ് അറ്റൻഡ് ചെയ്തിട്ടുണ്ടോ, പരീക്ഷ എഴുതിയോ തുടങ്ങിയ വിവരങ്ങൾ, വിശദമായ മോണിറ്ററിങ് റിപ്പോർട്ട്) .

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം- 2/2022, തീയതി-28.06.22) സാക്ഷരത മിഷന് കൈപ്പറ്റ് രസീത് , മോണിറ്ററിങ് റിപ്പോർട്ട് എന്നിവയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയത്

ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചു. മേൽ സൂചിപ്പിച്ച രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .


### 1-33 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ സ്വാന്ത്വന ചികിത്സാ പദ്ധതി (ആർദ്രം)ക്കായി മരുന്ന വാങ്ങലിനായി 199999/- രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0176/20-21 |
| അടങ്കൽ | 250000 |
| ചെലവ് | 199999(ബിൽ നമ്പർ -1/20-21/20.03.21 |

ടി പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ പി.ആർ.എഫ്-3455/116.11.20 പ്രകാരം 199999/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 159638 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 40361 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 40361 രൂപ തടസ്സപ്പെടുത്തുന്നു.

### 1-34 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഗുണനിലവാരം പുലർത്തുന്നില്ല




പഞ്ചായത്തിൽ ചെയ്തു വരുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഡി എസ് ആർ 16.42 പ്രകാരമുള്ള നിരക്കാണ് നല്കി വരുന്നത് .മൺ റോഡുകളിൽ സബ് ബേസ് നിർമ്മിക്കാതെ 15 സെ മീ കനത്തിൽ ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതാണ് പ്രവൃത്തി. റോഡിന് ഇരുവശത്തും ഐറിഷ് ഡ്രയിൻ ചെയ്യുന്നതിനും ഇതേ നിരക്കാണ് നല്കി വരുന്നത്. റോഡ് പ്രവൃത്തികളിൽ ഗുണ നിലവാരത്തിന് പ്രാധാന്യം നല്കി കൃത്യമായ വ്യവസ്ഥകൾ സ്പെസിഫിക്കേഷനൽ ഉൾപ്പെടുത്തിയാണ് സി പി ഡബ്ള്യ ഡി നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. തയ്യാറാക്കിയ സബ് ബേസിന് മുകളിൽ കൃത്യമായ അകലത്തിൽ എക്സ്പാൻഷൻ ജോയിന്റുകൾ നല്കി സ്ലാബുകളായി കോൺക്രീറ്റ് പേവ്മെന്റ് നടത്തുന്ന രീതി ഗ്രാമീണ റോഡുകൾക്ക് നല്കുമ്പോൾ വ്യവസ്ഥകൾ പാലിക്കാത്തതു മൂലം ഗുണനിലവാരം പുലർത്തുന്നു എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

| ഡി എസ് ആർ സ്പെസിഫിക്കേഷൻ പ്രകാരം ചെയ്യേണ്ട രീതി | കോൺക്രീറ്റ് പ്രവൃത്തി കളിൽ പഞ്ചായത്തിൽ സ്വീകരിച്ചിട്ടുള്ള രീതി |
|---|---|
| സബ് ബേസ് തയ്യാറാക്കിയതിന് മുകളിൽ കോൺക്രീറ്റ് പേവ്മെന്റ് ചെയ്യുന്നു. | സബ് ബേസ് തയ്യാറാക്കാതെ നിലവിലുള്ള മൺ റോഡിൽ ചെയ്യുന്നു |
| വളവുകളിലൊഴികെ 3 മീറ്റർ നീളത്തിലുള്ളതും പേവ്മെന്റ് കനം ഉള്ളതുമായ സ്റ്റീൽ ഫോംവർക്ക് ചെയ്യണം | മാനദണ്ഡങ്ങൾ പ്രകാരമുള്ള ഫോംവർക്ക് ചെയ്യുന്നില്ല.<br>ഐറിഷ് ഡ്രയിൻ ചെയ്യുമ്പോൾ ഫോം വർക്ക് തന്നെ പലപ്പോഴും ചെയ്യുന്നില്ല |

| | |
|---|---|
| കോൺക്രീറ്റ് ചെയ്യുമ്പോൾ വൈബ്രേറ്റർ നീഡില് ഉപയോഗിക്കുന്നതു മൂലം ഫോംവർക്ക് സ്ഥാനചലനം സംഭവിക്കാതെ ക്രോസ് ബൽറ്റ് ഉൾപ്പെടെ ഉപയോഗിക്കണം | ഫോംവർക്ക് ഇളകി കോൺക്രീറ്റ് പേവ്മന്റിൽ വ്യത്യാസം വരുന്ന സാഹചര്യമാണ് ഉള്ളത് |
| ലാബ് ടെസ്റ്റ് നടത്തി ക്വാളിറ്റി ഉറപ്പുവരുത്തണം | ലാബ്ടെസ്റ്റ് നടക്കുന്നില്ല |
| വളവുകളിലൊഴികെ നിർണ്ണയിച്ച വീതി ഉറപ്പാക്കുന്നു | അളവ് പുസ്തക പ്രകാരം പല വീതിയിലാണ് പേവ്മെന്റ് നടത്തുന്നത്. മാനദണ്ഡപ്രകാരമുള്ള ഫോംവർക്ക് ചെയ്യുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. |
| അളവ് രേഖപ്പെടുത്തുന്നതിന് നിയതമായ രീതി സ്പെസിഫിക്കേഷൻ 16-37-22-2 ൽ പ്രതിപാദിക്കുന്നു. | അളവ് രേഖപ്പെടുത്തുന്നതിന് നിയതമായ രീതി അനുവർത്തിക്കുന്നില്ല. |

മേൽ പറഞ്ഞ അപാകതകൾ കാരണം റോഡ് കോൺ ക്രീറ്റിംഗ് പ്രവൃത്തികൾ സി പി ഡബ്ള്യ ഡി അനുശാസിക്കുന്ന ഗുണനിലവാരം പുലർത്തുന്നില്ല എന്നും ,കരറുകാരന് നല്കുന്നത് ചെയ്യുന്ന പ്രവൃത്തിക്ക് അനുസൃതമായ തുകയല്ല എന്നും കാണുന്നു .അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/29.06.22) മറുപടി നല്കിയില്ല. അപാകത പരിഗണിക്കേണ്ടതും റോഡ് പ്രവത്തികൾ ഗുണനിലവാരം പുലർത്തുന്നു എന്ന് ഉറപ്പു വരുത്തേണഅടതുമാണ്.

## 1-35 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല

2019-20 ൽ 4 ലക്ഷം രൂപ (റോഡിതര മെയിന്റനൻസ് ഫണ്ട് )അടങ്കലിൽ പഞ്ചായത്ത് ഏറ്റെടുത്ത എൽ പി ജി എസ് വാകത്താനം മെയിന്റനൻസ് എന്ന പ്രവൃത്തിക്ക് പാർട്ട് ബിൽ പ്രകാരം ഓഡിറ്റ് വർഷം 121850/- രൂപ ചെലവഴിച്ചിട്ടുണ്ട്. കിണർ മെയിന്റനൻസ്,ടോയ്ലറ്റ് മെയിന്റനൻസ് ,കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവയായിരുന്നു ചെയ്യേണ്ടിയിരുന്നത്. 12/3/2020 ൽ നിർത്തിവെച്ച പ്രവൃത്തി 2021-22 വർഷവും സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയെങ്കിലും അളവുപുസ്തക പ്രകാരം പണി പൂർത്തീകരിച്ചിട്ടില്ല.ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ പ്രോജക്ടിൽ ഉൾപ്പെട്ട ഗേറ്റ് നിർമ്മാണം 2021-22 ൽ നടത്തിയതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ അളവുപുസ്തകത്തിൽ വരുത്തിയിട്ടില്ല. ഓരോ പ്രവൃത്തിയും പൂർത്തിയായാൽ ഉടനെ തന്നെ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയത് പാലിക്കാതിരുന്നതിനും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(20) നല്കിയ മറുപടിയിൽ ഗേറ്റ് നിർമ്മാണത്തിൽ അപാകത ഉണ്ടായെന്നും ആയത് പരിഹരിക്കുന്നതിന് നിർദ്ദേശം നല്കിയെന്നും അറിയിച്ചു. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-36 ബാരൽ വില പഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (236+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.വാർഷികകണക്ക് ബാധ്യത ഹെഡിൽ സൂക്ഷിക്കേണ്ട തുക തനത് ഫണ്ട് വരവായി അക്കൗണ്ട് ചെയ്യുന്നത് നിയമാനുസൃതമല്ല. സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില ജി എസ് റ്റി അടക്കം പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ച വരുന്നത്. നാളിതു വരെയുള്ള ബാരൽ വില തുക ചെലവഴിച്ച ഫണ്ടുകളിലേയ്ക്കും ജി എസ് റ്റി ബന്ധപ്പെട്ട അക്കൗണ്ടിലും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-37 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ വിവിധ നികുതി വിഹിതങ്ങൾ അടവാക്കാതെ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ 67360289458 നമ്പർ അക്കൗണ്ടിൽ 25 ജൂൺ 2022 ന് 272655/-രൂപ നീക്കിയിരിപ്പുണ്ട്.വിശദമായി പരിശോധിച്ചതിൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും റിക്കവർ ചെയ്തിട്ടുള്ള ഇൻകംടാക്സ്, വെൽഫയർ ഫണ്ട് ,റിടെൻഷൻ, ജി എസ് റ്റി തുടങ്ങിയ തുകകളാണ് നീക്കിയിരിപ്പുള്ളത് എന്ന് കാണുന്നു.ബാങ്ക് സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ 1-4-2020 മുതൽ ഇത്തരത്തിൽ അക്കൗണ്ടിൽ വന്നിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ അടവാക്കിയിട്ടില്ല എന്ന് കാണുന്നു.ബാങ്ക് നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമല്ല. ഇടപാടുകൾ നടക്കുന്ന ബാങ്ക് അക്കൗണ്ട് ഉള്ള നിലക്ക് സൂക്ഷിക്കേണ്ട കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21)നല്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ള പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പ് ഇനംതിരിച്ച് കണക്കാക്കേണ്ടതും തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കേണ്ടതുമാണ്.തനത്ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് ചെലവുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ,തയ്യാറാക്കിയ ചെലാനുകൾ എന്നിവ പ്രകാരം സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് ബനഫിഷറിക്ക് നല്കുന്ന രീതി അവലംബിക്കാവുന്നതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് തയാറാക്കിയതിൽ പിഴവ് - 227938 രൂപ നഷ്ടം

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിന്റെ 04-10-18 ലെ കത്തിലെ ( RJIL/OFC/ROW/NLD /8B/VAKATHANAM/PAN/7661) അപേക്ഷയനുസരിച്ച് പഞ്ചായത്ത് ഓഫീസ്- ഉദിക്കൽ റോഡ് -തട്ടിൻപുറത്ത്കുന്ന് റോഡിന്റെ വലത് വശത്ത് കൂടി 315 മീറ്റർ നീളം , 1.65 മീറ്റർ ആഴത്തിലും 0.50 മീറ്റർ വീതിയിലും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി തേടിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക 933922 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട് ( 306953/15.10.20 നം DD പ്രകാരം തുക ലഭിച്ചു ). എന്നാൽ തുക നിശ്ചയിച്ചതിൽ അപാകത സംഭവിച്ചതായി കാണുന്നു . അതായത് മേൽ സർക്കുലറിൽ റസ്റ്റോറേഷൻ വിഡ്ത് ട്രഞ്ച് വിഡ്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റസ്റ്റോറേഷൻ വിഡ്ത് 0.75 മീറ്റർ (0.50 X1.5)എടുക്കുന്നതിന് പകരം 0.60 മീറ്റർ മാത്രമാണ് എടുത്തിരിക്കുന്നത് . വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ | PWD Roads ചീഫ് എഞ്ചിനീയറുടെ | വ്യത്യാസം |
|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | തയാറാക്കിയ എസ്റ്റിമേറ്റ് തുക | | 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം തയാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് തുക | | |
| | വിവരണം | തുക | വിവരണം | തുക | |
| Restortion Charge For CC Pavement | 275 X 0.60 = 165 $M^2$ | 165 @5473.44 /$M^2$= 903117.6 | 275 X 0.75 = 206.25 $M^2$ | 206.25 @5473.44 /$M^2$= 1128897 | 225779 |
| Extra For HDD Pits At 100 M Interval | 3 X 1.5 X0.90 =4.050 $M^2$ | 4.050 @5473.44 /$M^2$=22167.43 | 3 X 1.5 X.90 =4.050 $M^2$ | 4.050 @5473.44 /$M^2$=22167.43 | 0 |
| Restortion Charge For Gravel Bearm | 40 X 0.60 = 24 $M^2$ | 24 @359.85 /$M^2$= 8636.4 | 40 X 0.75 = 30 $M^2$ | 30 @359.85 /$M^2$= 10795.5 | 2159 |
| ആകെ | 933922 | | 1161860 | | 227938 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/30.6.22) വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാം എന്ന് മറുപടി നൽകി. .

കുറവു വന്ന 227938 രൂപ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എസ്റ്റിമേറ്റ് തയാറാക്കിയ LSGD അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ .കീർത്തി മാധവിന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2-2 മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ് - 5900 നഷ്ടം

പഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിൽ അപാകത സംഭവിച്ചതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

1. ചുവടെ സൂചിപ്പിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് 5 വർഷത്തേക്ക് ( 01/04/20 മുതൽ 31/03/25 വരെ ) ലൈസൻസ് അനുവദിച്ചിട്ടുണ്ട് . എന്നാൽ ലൈസൻസ് അപേക്ഷകൾ , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും മോട്ടോർ ഫീ ഈടാക്കിയതായി കാണുനില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | 5 വർഷത്തേക്ക് ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| ജിജി ജോർജ് - ക്വാളിറ്റി | 75 HP | 5000 | 1000 | 4000 |

| | | | | |
|---|---|---|---|---|
| വിനിയോസ് | | | | |
| വേണാട് സ്ലൂക്ച്ചറൽസ് | 10 HP | 500 | 100 | 400 |
| ആകെ | | | | 4400 |

2.മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| തോമസ് ജേക്കബ് – നൊച്ചുമണ്ണിൽ റബ്ബർ ഇൻഡസ്ട്രീസ് | 75 HP | 1000 | 500 | 500 |

3.മോട്ടോർ ഫീ ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക |
|---|---|---|
| C M ജോർജ് – പ്രവീൺ റബ്ബർ ഇൻഡസ്ട്രീസ് | 87 HP | 1000 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/30.6.22) നിയമാനുസൃത തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി .ക്രമ നം. 1,2 എന്നിവയിൽ സൂചിപ്പിച്ച കുറവായി ഈടാക്കിയിട്ടുള്ള തുകയായ 4900 രൂപയും ക്രമ നം. 3 ൽ സൂചിപ്പിച്ച പ്രകാരം ഈടാക്കേണ്ട തുകയായ 1000 രൂപയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 യാത്രാബത്ത- അർഹമായ കാലയളവിന് ശേഷം അനുവദിച്ചു.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി 2) പ്രകാരം യാത്രാ ബത്തകൾ അർഹമായ തീയതി മുതൽ 2 വർഷത്തിനകം മാറിയിരിക്കണം എന്നും രണ്ട് വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മാത്രമേ മാറാനാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൗച്ചർ നം 22000417/19.08.2020 പ്രകാരം ചില ജീവനക്കാരുടെ 2 വർഷത്തിലധികമായ കാലയളവിലെ യാത്രാ ബത്തകൾ മാറി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാർ | മാർച്ച് 2018 | ഏപ്രിൽ/2018 | മെയ്/2018 | ജൂൺ /2918 | ജൂലൈ /2018 | ആകെ |
|---|---|---|---|---|---|---|
| തോമസ് സെബാസ്റ്റ്യൻ | 1120 | 960 | 480 | 480 | 1120 | 4160 |

| | | | | | | |
|---|---|---|---|---|---|---|
| അസി.സെക്രട്ടറി | | | | | | |
| ജയശ്രീ എസ് ജെ.എസ് | 320 | 800 | | 480 | | 1600 |
| വിനോദ്.കെ ജെ.എസ് | | | | | 320 | 320 |
| ഷാജിമോൻ നമാത്യൂ അക്കൗണ്ടന്റ് | 640 | 1600 | | 320 | 640 | 3200 |
| മണിക്കുട്ടൻ.ഡി സീനിയർ ക്ലർക്ക് | | 500 | | | 125 | 625 |
| ആശ കമാൽ സീനിയർക്ലർക്ക് | | | | 250 | | 250 |
| കൃഷ്ണകുമാർ.സി ക്ലർക്ക് | 250 | 1000 | 250 | 1125 | 1200 | 3825 |
| കെ.എസ്.ഫിലിപ്പ് ക്ലർക്ക് | 250 | | 500 | 250 | | 1000 |
| മഞ്ജുഷ മോഹൻ ക്ലർക്ക് | | 250 | 250 | | 500 | 1000 |
| അക്സ മരിയ ബഞ്ചമിൻ ക്ലർക്ക് | | | | | 1500 | 1500 |
| ഫാത്തിമ.എസ് ക്ലർക്ക് | | | | 250 | 125 | 375 |
| ഷെറി ദാസ് .വി. ഒ.എ | 1000 | 875 | | 375 | 625 | 2875 |
| ബിന്ദു .പി.എം ഒ.എ | 1875 | 1380 | 1380 | 1380 | 1380 | 6900 |
| ബീമ .എം സെക്രട്ടറി | 800 | 1120 | 800 | 640 | | 3360 |
| ബിനോയി .എം.ജി സെക്രട്ടറിസസര | | | | 160 | 1010 | 1170 |
| ആകെ | | | | | | 32160 |

സർക്കാർ സാധൂകരണം ഇല്ലാതെ അർഹമായ കാലയളവിന് ശേഷം മാറിയതിനാൽ യാത്രാബത്ത ഇനത്തിൽ അനുവദിച്ച് 32160 രൂപ അനുവദിക്കാവുന്നതല്ല.ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 32160 രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30/07/2021 ലെ 3(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 15.09.2021 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 28/06/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് | 900000 | 102/20-21-ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 900000 | 0 |
| “ | 1820000 | 103/20-21- ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ(SCP) | 1820000 | 0 |
| “ | 600000 | 93/20-21 -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 600000 | 0 |
| “ | 96069 | 94/20-21 -വയോജനങ്ങൾക്ക് കട്ടിൽ | 96069 | 0 |
| ,, | 300000 | 81/20-21 -അംഗൻവാടി അനുപൂരക പോഷകാഹാരം | 300000 | 0 |
| | 200000 | 170/20-21 -ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 100000 | 278/20-21 – ജനകീയ ഹോട്ടൽ ഉപകരണം | 100000 | 0 |

| | | | | |
|---|---|---|---|---|
| | | വാങ്ങൽ | | |
| ആകെ | 4016069 | | 4016069 | |
| കോട്ടയം ജില്ല പഞ്ചായത്ത് | 1980000 | 102/20-21-ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 1980000 | |
| “ | 2360000 | 103/20-21- ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ(SCP) | 2360000 | |
| “ | 196400 | 93/20-21 -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 196400 | |
| ആകെ | 4536400 | | 4536400 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും , GWD യിലും തുക ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| Proj No 118/21 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 44212/- | 0 | 44212/- |
| Proj No 352/21 മാലക്കുന്ന് സാംസ്കാരിക നിലയം -കുഴൽക്കിണർ അനുബന്ധപ്രവർത്തനങ്ങൾ | 53000/-(SCP Bill No 25/13-11-20) 23506/- ( CFC Bill No 24/13-11-20) | 0 | 76506 |
| Proj No 253/21 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 500000/- (Bill No 3/18-5-20) | 0 | 500000 |
| Proj No 197/21 വൈദ്യുതിപോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 115638-(CFC) ( Bill No 5/15-5-20) | 0 | 115638 |
| ആകെ | 736356 | | 736356 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 8691246 | 9740000 | 18431246 | 1039647 | 0 | 17391599 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

2020-21 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2017-18 | 3-5 | 4000 | ശ്രീ.ബിജു എബ്രഹാം | 120040101647/ 18.08.2020 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 142670880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 127320062 |
| നീക്കിയിരിപ്പ് | 15350818 |
| വരവിനങ്ങളിലുള്ള നഷ്ടം | 233838 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32160 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1072786 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 227938 | | ശ്രീ .കീർത്തി മാധവ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 2-2 | 5900 | | ശ്രീ സാബു പി പി , സെക്രട്ടറി |
| 3-1 | | 32160 | ശ്രീ സാബു പി പി , സെക്രട്ടറി |
| ആകെ | 233838 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 836356 | ശ്രീ. സാബു പി പി , സെക്രട്ടറി |
| 1-31 | 196069 | ശ്രീ. സാബു പി പി , സെക്രട്ടറി |
| 1-33 | 40361 | ഡോ. കെ ഓമന , മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| ആകെ | 1072786 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിര വിലാസം |
|---|---|---|
| ശ്രീ .കീർത്തി മാധവ് അസിസ്റ്റന്റ് എഞ്ചിനീയർ | ശൂന്യവേതന അവധിയിൽ | ശ്രീധമം ള്ളത്തുപ്പള്ളി പി.ഒ അലപ്പുഴ |
| ശ്രീ സാബു പി | വിരമിച്ച | തലിത്തറക്കുന്നേൽ |

| | | |
|---|---|---|
| പി , സെക്രട്ടറി | | മൂലവട്ടം പി.ഒ കോട്ടയം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 | എൽ എഫ് കെ പി8/388 /96/11.1.10/ 8.3.10 | 9 |
| 1996-97 | എൽ.എഫ്.കെ.പി3/60/98/ 10.1.10/8.3.10 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/ 10.2.99/2.3.99 | |
| 01.04.98-30.6.98 (ജനകീയാസൂത്രണം) | പി8.482/00/16.11.2002. ചാർജ്/സർചാർജ്ജ് പ്രൊപ്പോസൽ അയച്ചത് | 9 |
| 1999-2000 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(5)2018/1.2.2018 | 2 |
| 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(2)2018/1.2.2018 | 7 |
| 1994-95, 1995-96 | പി8/888/08/ 31.3.2009/13.4.2009 | |
| 1998-99 | പി1/190/അദാ/22.2.2011 (ഭാഗം 3 ചെലവ് റിപ്പോർട്ട് നിലനിൽക്കുന്നു എന്ന പരാമർശം മാത്രമെ ഉള്ളൂ) | |
| 1998-99 (ചെലവ്) | പി8/994/00/05.01.2001/ 07.05.2002 | 17 |
| 2002-03 ഡി സി ബി | പി8- 123/08, 2.5.09/6.7.09 | 10 |
| 2002-03 | പി8/22/05/1.4.05 | 14 |
| 2003-04 | പി8/124/08/2.5.09, 6.7.09 | |
| 2005-06 | പി10/അദാ.18.186(6)2018 /1.2.2018 | 7 |
| 2006-07 | കെ.എസ്.എ -കെ.ടി.എം. പി10/അദാ.18. 186(8)2018/1.2.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി10/അദാ.18. 186(7)2018/1.2.2018 | 6 |
| 2009-10 | കെ.എസ്.എ- കെ.ടി.എം.പി3/ 1491/16/ 19.12.17 | 3 |
| 2011-12 | കെ.എസ്.എ- കെ.ടി.എം.പി3/ 1201/13/ 20.3.16 | 4 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി3/1137/14/ 1.2.16 | 14 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി3/777/ 15/12.8.16 | 6 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3/1848/16/ 17.2.2017 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/ 1879/17/ 22.1.2018 | 9 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി10/ 1880/17/22.01.2018 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി10/242/19, 06.03.2019 | 20 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി10/1396/19, 12.10.2019 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി10/326/22, 31.03.2022 | 50 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ല ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്